PROVISIONAL ANSWER KEY

Question Paper Code:	177/2026/OL
Category Code:	748/2025
Exam:	General Work Supervisor/Tapping Supervisor
Date of Test	12-11-2026
Department	Rehabilitation Plantation Ltd
Language:	Malayalam

Question1:-ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്ത് പോരാടിയ ധീരവനിതയായ കിട്ടൂർ റാണി ചെന്നമ്മയുമായി ബന്ധമില്ലാത്ത പ്രസ്താവന/പ്രസ്താവനകൾ കണ്ടെത്തുക

(i) മൂന്നാം ആഗ്ലോ-മൈസൂർ യുദ്ധത്തെ തുടർന്ന് കിട്ടൂർ പ്രദേശം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലായി

(ii) 1829 ൽ ബ്രിട്ടീഷുകാരുടെ തടവിൽ കഴിയവെ റാണി ചെന്നമ്മ മരണപ്പെട്ടു

(iii) ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നികുതി നയങ്ങളാണ് കിട്ടൂർ റാണി ചെന്നമ്മയെ യുദ്ധത്തിന് പ്രേരിപ്പിച്ചത്

A:-(i), (iii)

B:-(i), (ii), (iii)

C:-(ii), (iii)

D:-(i), (ii)

Correct Answer:- Option-A

Question2:-ശരിയായ ജോഡി/ജോഡികൾ കണ്ടെത്തുക

(i) ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി - സൺയാത് സെൻ

(ii) 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' - ജെയിംസ് ഓട്ടിസ്

(iii) മെൻഷെവിക്കുകളും ബോൾഷെവിക്കുകളും - റഷ്യ

A:-(i), (ii)

B:-(i), (iii)

C:-(ii), (iii)

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question3:-ജെ.വി.പി. കമ്മിറ്റിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ കണ്ടെത്തുക
(i) നാട്ടരാജ്യങ്ങളുടെ സംയോജനവുമായി ബന്ധപ്പെട്ട കമ്മിറ്റി
(ii) 1948 ൽ രൂപീകരിക്കപ്പെട്ടു
(iii) ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, പട്ടാഭി സീതാരാമയ്യ എന്നിവരാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ

A:-പ്രസ്താവനകൾ എല്ലാം തെറ്റാണ്

B:-പ്രസ്താവനകൾ എല്ലാം ശരിയാണ്

C:-പ്രസ്താവന (i), (iii) തെറ്റാണ്

D:-പ്രസ്താവന (ii), (iii) ശരിയാണ്

Correct Answer:- Option-D

Question4:-കോളം A യും B യും ശരിയായി ക്രമപ്പെടുത്തിയത് കണ്ടെത്തുക

	A		B
(i)	പോർച്ചീസുകാർ	(1)	നാഗപട്ടണം, ചിൻസുര
(ii)	ഫ്രഞ്ചുകാർ	(2)	പോണ്ടിച്ചേരി, മാഹി
(iii)	ഡച്ചുകാർ	(3)	ഗോവ, കൊച്ചി

A:-(i)-(1), (ii)-(2), (iii)-(3)

B:-(i)-(3), (ii)-(2), (iii)-(1)

C:-(i)-(2), (ii)-(1), (iii)-(3)

D:-(i)-(1), (ii)-(3), (iii)-(2)

Correct Answer:- Option-B

Question5:-ചേരുംപടി ചേർക്കുക

	സ്വയം തൊഴിൽ - പദ്ധതികൾ		ഗുണഭോക്താക്കൾ
(i)	നവജീവൻ പദ്ധതി	(1)	ഭിന്നശേഷിക്കാർ
(ii)	കൈവല്യ	(2)	വനിതകൾ
(iii)	ശരണ്യ	(3)	മുതിർന്ന പൗരൻ

A:-(i)-(3), (ii)-(1), (iii)-(2)

B:-(i)-(2), (ii)-(1), (iii)-(3)

C:-(i)-(3), (ii)-(2), (iii)-(1)

D:-(i)-(1), (ii)-(2), (iii)-(3)

Correct Answer:- Option-A

Question6:-താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ പരിശോധിക്കുക
(i) ഇന്ത്യയിലെ പ്രധാന ഹൈവേയാണ് സുവർണ്ണ ചതുഷ്കോണം (golden quadrilateral)
(ii) ഇന്ത്യയിലെ പ്രധാന വ്യാവസായിക കാർഷിക കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ദേശീയപാതാ ശൃംഖലയാണിത്
(iii) ഡൽഹി, കൊൽക്കത്ത, മുംബൈ, ചെന്നൈ, ഹൈദ്രാബാദ് എന്നീ നഗരങ്ങളിലൂടെ കടന്നുപോകുന്നു
(iv) ഇന്ത്യയിലെ 10 സംസ്ഥാനങ്ങളിലൂടെ ഈ പാത കടന്നുപോകുന്നു

A:-(i), (iii) ശരി (ii), (iv) തെറ്റ്

B:-(i), (ii), (iii) ശരി (iv) തെറ്റ്

C:-(i), (ii), (iv) ശരി (iii) തെറ്റ്

D:-(i), (ii) ശരി (iii), (iv) തെറ്റ്

Correct Answer:- Option-D

Question7:-ഏറ്റവും ചെലവു കുറഞ്ഞ ഗതാഗത മാർഗ്ഗം ഏത്?

A:-റെയിൽ ഗതാഗതം

B:-വ്യോമഗതാഗതം

C:-ജലഗതാഗതം

D:-റോഡ് ഗതാഗതം

Correct Answer:- Option-C

Question8:-ഭ്രമദ്ധ്യരേഖ, ഉത്തരായനരേഖ, ദക്ഷിണായനരേഖ എന്നിവ കടന്നുപോകുന്ന ഭൂഖണ്ഡം ഏത്?

A:-ഏഷ്യ

B:-ആഫ്രിക്ക

C:-യൂറോപ്പ്

D:-തെക്കേ അമേരിക്ക

Correct Answer:- Option-B

Question9:-ഹിമാചൽ പ്രദേശിനെ ലഡാക്കുമായി ബന്ധിപ്പിക്കുന്ന ചുരം ഏത്?

A:-ബാരാലച്ചാ ലാ

B:-റോഹ്താങ്

C:-നാഥുല

D:-ബോഡിലെ

Correct Answer:- Option-A

Question10:-ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള നിറങ്ങളും ചിഹ്നങ്ങളുമാണ് ഭൂപടത്തിൽ ഉപയോഗിക്കുന്നത്. താഴെ തന്നിരിക്കുന്നതിൽ തെറ്റായ പ്രസ്താവന ഏത്?

A:-മഞ്ഞ - കൃഷിയിടങ്ങൾ

B:-കറുപ്പ് - തീവണ്ടിപ്പാത

C:-തവിട്ട് - രേഖാംശരേഖകൾ

D:-പച്ച - നൈസർഗിക സസ്യജാലങ്ങൾ

Correct Answer:- Option-C

Question11:-പ്രധാനമന്ത്രി ജൻധൻ അക്കൗണ്ട് പദ്ധതിയുടെ ലക്ഷ്യമെന്ത്?
(i) സ്വകാര്യപണമിടപാടുകളിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുക
(ii) രാജ്യത്ത് ബാങ്ക് അക്കൗണ്ട് ഇല്ലാത്ത എല്ലാപേർക്കും അക്കൗണ്ട് തുടങ്ങുക
(iii) സാമ്പത്തികശക്തി ഏതാനും പേരിൽ കേന്ദ്രീകരിക്കുന്നത് തടയുക
(iv) ബാങ്കിംഗ് രംഗത്ത് സാക്ഷരത കൈവരിക്കുക

A:-(i), (ii)

B:-(iii), (iv)

C:-(i), (iv)

D:-(ii), (iv)

Correct Answer:- Option-D

Question12:-ഇന്ത്യയുടെ പഞ്ചസാരക്കിണ്ണം എന്നറിയപ്പെടുന്ന സംസ്ഥാനം ഏത്?

A:-മഹാരാഷ്ട്ര

B:-ഉത്തർപ്രദേശ്

C:-പഞ്ചാബ്

D:-ബീഹാർ

Correct Answer:- Option-B

Question13:-ഇന്ത്യയിൽ ബാങ്ക് ദേശസാൽക്കരണം നടന്ന വർഷങ്ങൾ എന്നൊക്കെയായിരുന്നു?
(i) 1969, 1980
(ii) 1949, 1969
(iii) 1977, 1986
(iv) 1992, 2003

A:-(iii)

B:-(iv)

C:-(i)

D:-(ii)

Correct Answer:- Option-C

Question14:-കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) സ്ഥാപിതമായ വർഷം ഏത്?

A:-2005

B:-2006

C:-2008

D:-2009

Correct Answer:- Option-B

Question15:-ലോകത്തിലെ ഏറ്റവും വലിയ ഇരുമ്പ് ഖനിയായ കാരാജാസ് (Carajas Mine) ഖനി ഏത് രാജ്യത്ത് സ്ഥിതിചെയ്യുന്നു?
(i) ബ്രസീൽ, തെക്കേ അമേരിക്ക
(ii) കാനഡ, വടക്കേ അമേരിക്ക
(iii) നൈജീരിയ, ആഫ്രിക്ക
(iv) ജർമ്മനി, യൂറോപ്പ്

A:-(iii)

B:-(i)

C:-(iv)

D:-(ii)

Correct Answer:- Option-B

Question16:-പരമ്പരാഗത തൊഴിലുടമ-തൊഴിലാളി ബന്ധങ്ങൾക്ക് പുറത്തുള്ള ഒരു തൊഴിൽ ക്രമീകരണത്തിൽ പങ്കെടുക്കുകയും അത്തരം പ്രവർത്തനങ്ങളിൽ നിന്ന് സമ്പാദിക്കുകയും ചെയ്യുന്ന വ്യക്തികൾ അറിയപ്പെടുന്ന പേര്

A:-ഗിഗ്-പ്ലാറ്റ്ഫോം തൊഴിലാളികൾ

B:-ആശാ വർക്കർ

C:-പുരുഷ സ്വയം സഹായ സംഘങ്ങൾ

D:-സർക്കാർ ജീവനക്കാർ

Correct Answer:- Option-A

Question17:-ബച്പൻ ബച്ചാവോ ആന്ദോളൻ എന്ന സംഘടന രൂപീകരിച്ച് ബാലവേലയ്ക്കെതിരെ പ്രവർത്തിക്കുന്ന വ്യക്തി ആര്?

A:-മലാല യൂസഫ് സായി

B:-കൈലാസ് സത്യാർഥി

C:-എസ്തർ ഡുഫ്ളോ

D:-അഭിജിത്ത് വിനായക് ബാനർജി

Correct Answer:- Option-B

Question18:-സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് കമ്മീഷനുകൾ നിലവിൽ വന്നത് ഏത് ഭരണഘടനാ ഭേദഗതിയിലൂടെയാണ്?

A:-73, 74 ഭരണഘടനാ ഭേദഗതി

B:-42-ാം ഭരണഘടനാ ഭേദഗതി

C:-86-ാം ഭരണഘടനാ ഭേദഗതി

D:-44-ാം ഭരണഘടനാ ഭേദഗതി

Correct Answer:- Option-A

Question19:-ഇന്ത്യയിലെ തിരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക
(i) ഭരണഘടനയുടെ അനുച്ഛേദം 324 പ്രകാരം നിലവിൽ വന്നു
(ii) 1950 ജനുവരി 25 ന് നിലവിൽ വന്നു
(iii) അഞ്ച് വർഷമാണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി
(iv) കേന്ദ്രഭരണ പ്രദേശങ്ങളിലും, സംസ്ഥാനങ്ങളിലും തിരഞ്ഞെടുപ്പ് കമ്മീഷൻറെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ചീഫ് ഇലക്ടറൽ ഓഫീസർമാരാണ്

A:-(i), (ii), (iii) ശരി

B:-(ii), (iii), (iv) ശരി

C:-(i), (ii), (iv) ശരി

D:-(i), (iii), (iv) ശരി

Correct Answer:- Option-C

Question20:-ഒരു വ്യക്തിയും ലിംഗഭേദത്തിൻറെ അടിസ്ഥാനത്തിൽ വിവേചനം നേരിടരുതെന്ന് വ്യക്തമാക്കുന്ന ഭരണഘടനയുടെ അനുച്ഛേദം ഏത്?

A:-അനുച്ഛേദം 25

B:-അനുച്ഛേദം 28

C:-അനുച്ഛേദം 30

D:-അനുച്ഛേദം 15

Correct Answer:- Option-D

Question21:-രാഷ്ട്രപതിയുടെ ചുമതലകളിൽ ഉൾപ്പെടാത്തത് ഏത്?

A:-പ്രധാനമന്ത്രിയെയും മന്ത്രിസഭയെയും നിയമിക്കുക

B:-ലോകസഭയിൽ ഭൂരിപക്ഷമുള്ള പാർട്ടിയുടെയും മുന്നണിയുടെയും നേതാവായി പ്രവർത്തിക്കുക

C:-അടിയന്തരാവസ്ഥ പ്രഖ്യാപിക്കുക

D:-ലോകസഭ പിരിച്ചുവിടുക

Correct Answer:- Option-B

Question22:-യൂണിയൻ ലിസ്റ്റുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക
(i) ഭരണഘടന നിലവിൽ വന്നപ്പോൾ 97 വിഷയങ്ങളുണ്ടായിരുന്നു
(ii) വിവാഹം, ജനന മരണ രജിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്നു
(iii) സൈബർ നിയമങ്ങൾ ഉൾപ്പെടുന്നു
(iv) വിദേശകാര്യം, പ്രതിരോധം എന്നിവ ഉൾപ്പെടുന്നു

A:-(i) ഉം (ii) ഉം ശരിയാണ്

B:-(ii) ഉം (iii) ഉം ശരിയാണ്

C:-(i) ഉം (iv) ഉം ശരിയാണ്

D:-(iii) ഉം (iv) ഉം ശരിയാണ്

Correct Answer:- Option-C

Question23:-സംസ്ഥാന വനിതാ കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക
(i) മാർച്ച് 14 1996 ൽ നിലവിൽ വന്നു
(ii) ആദ്യ ചെയർപേഴ്സൺ സുഗതകുമാരി
(iii) അംഗങ്ങളുടെ കാലാവധി 6 വർഷമാണ്
(iv) തിരുവനന്തപുരം ആണ് ആസ്ഥാനം

A:-(i), (ii), (iv)

B:-(i), (iii), (iv)

C:-(ii), (iii), (iv)

D:-(i), (ii), (iii)

Correct Answer:- Option-A

Question24:-കേരളത്തിൻറെ സമഗ്ര വികസന കാഴ്ചപ്പാടോടെ ആരംഭിച്ച നവകേരള മിഷൻ ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ കർമ്മ പദ്ധതിയുടെ പേര്

A:-ലൈഫ് മിഷൻ

B:-വിദ്യാകിരണം

C:-ഹരിതകേരള മിഷൻ

D:-ആർദ്രം മിഷൻ

Correct Answer:- Option-D

Question25:-താഴെ തന്നിരിക്കുന്നവയിൽ ഭരണഘടന സ്ഥാപനം ഏത്?

A:-സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

B:-കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

C:-വനിത കമ്മീഷൻ

D:-ന്യൂനപക്ഷ കമ്മീഷൻ

Correct Answer:- Option-B

Question26:-ദാരിദ്ര്യം കുറക്കുക, സ്ത്രീകളെയും പാർശ്വവൽക്കരിക്കപ്പെട്ടവരേയും ശാസ്ത്രീകരിക്കുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, തൊഴിൽ സൃഷ്ടി ഉറപ്പുവരുത്തുക എന്നിവ തന്നിരിക്കുന്നവയിൽ ഏതിൻറെ ലക്ഷ്യങ്ങളാണ്?

A:-കെ.എസ്.എഫ്.ഇ.

B:-എസ്.ബി.ഐ.

C:-മൈക്രോ ഫിനാൻസ്

D:-നബാർഡ്

Correct Answer:- Option-C

Question27:-സംസ്ഥാനത്ത് ലോക്സഭ, നിയമസഭ തിരഞ്ഞെടുപ്പുകളുടെ ചുമതലയുള്ള മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറായി സ്ഥാനമേറ്റത് ആര്?

A:-രത്തൻ യു. കേൽക്കർ

B:-ഗ്യാനേഷ് കുമാർ

C:-വിശേഷ് നേഗി

D:-ഡി. സജിത് ബാബു

Correct Answer:- Option-D

Question28:-രക്തത്തിൽ നിന്നും മാലിന്യങ്ങളെ അരിച്ചു മാറ്റാൽ വൃക്കകളിൽ കാണപ്പെടുന്ന അതിസൂക്ഷ്മ അരിപ്പകളുടെ പേരെന്ത്?

A:-മെഡുല്ല

B:-ഗ്ലോമറുലസ്

C:-കോർട്ടക്സ്

D:-നെഫ്രോണുകൾ

Correct Answer:- Option-D

Question29:-കേരളത്തിൽ വിളർച്ചയില്ലാത്ത അവസ്ഥ ഉറപ്പാക്കാൻ ആരോഗ്യവകുപ്പ് നടത്തുന്ന ക്യാമ്പയിൻറെ പേരെന്ത്?

A:-വിവ കേരളം

B:-ബാക്ക് റഫറൽ സിസ്റ്റം

C:-കായകൽപം

D:-കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെൻറ് പ്രോഗ്രാം

Correct Answer:- Option-A

Question30:-മനുഷ്യശരീരത്തിലെ നട്ടെല്ലിൽ അടങ്ങിയിരിക്കുന്ന അസ്ഥികളുടെ എണ്ണം

A:-206

B:-22

C:-33

D:-30

Correct Answer:- Option-C

Question31:-താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക
പ്രസ്താവന 1 : ഇരുമ്പിൻറെ കുറവ് സ്കർവിയ്ക്ക് കാരണമാകുന്നു
പ്രസ്താവന 2 : അയൊഡിൻറെ കുറവ് ഗോയിറ്റർ എന്ന രോഗത്തിന് കാരണമാകുന്നു
പ്രസ്താവന 3 : സിങ്കിൻറെ കുറവ് രോഗപ്രതിരോധശേഷി കൂടാൻ കാരണമാകുന്നു
പ്രസ്താവന 4 : കാത്സ്യത്തിൻറെ കുറവ് പല്ലുകൾക്ക് ആരോഗ്യക്കുറവ് ഉണ്ടാക്കുന്നു

A:-പ്രസ്താവന 1, 2, 3 ശരി, 4 തെറ്റ്

B:-പ്രസ്താവന 2, 4 ഇവ മാത്രം ശരി; 1, 3 തെറ്റ്

C:-പ്രസ്താവന 1, 4 ഇവ മാത്രം ശരി; 2, 3 തെറ്റ്

D:-എല്ലാ പ്രസ്താവനകളും ശരി

Correct Answer:- Option-B

Question32:-രക്തം കട്ട പിടിക്കുന്നത് തടയുന്ന ഹെപ്പാരിനെയും അലർജിയുണ്ടാകുമ്പോൾ വീക്കത്തിന് കാരണമാകുന്ന ഹിസ്റ്റമിനെയും ഉൽപാദിപ്പിക്കുന്ന വെളുത്ത രക്തകോശങ്ങളുടെ പേരെന്ത്?

A:-ബേസോഫിൽ

B:-മോണോസൈറ്റ്

C:-ന്യൂട്രോഫിൽ

D:-ഈസിനോഫിൽ

Correct Answer:- Option-A

Question33:-ഇൻസുലിൻറെ ഉൽപ്പാദനക്കുറവും പ്രവർത്തനക്കുറവും മൂലം മുതിർന്ന ആളുകളിൽ കാണപ്പെടുന്ന രോഗം

A:-ടൈപ്പ് 1 പ്രമേഹം

B:-ടൈപ്പ് 2 പ്രമേഹം

C:-കൊളസ്ട്രോൾ

D:-രക്തസമ്മർദ്ദം

Correct Answer:- Option-B

Question34:-ഒരു പ്രിസത്തിലൂടെ കടന്നുപോകുന്ന ധവള പ്രകാശത്തിന് അപവർത്തനം സംഭവിക്കുന്ന അതേ രീതിയിൽ അൾട്രാ വയലറ്റ്, ഇൻഫ്രാറെഡ്, എക്സ്-റേ എന്നീ വൈദ്യുതകാന്തിക തരംഗങ്ങൾക്കും അപവർത്തനം സംഭവിക്കുന്നു. ഈ പ്രവർത്തനത്തിൽ വൈദ്യുതകാന്തിക തരംഗങ്ങൾക്കുണ്ടാകുന്ന ദിശാവ്യതിയാനം കൂടി വരുന്ന ക്രമം ഏതായിരിക്കും?

A:-അൾട്രാ വയലറ്റ് < ഇൻഫ്രാറെഡ് < എക്സ്-റേ

B:-ഇൻഫ്രാറെഡ് < അൾട്രാ വയലറ്റ് < എക്സ്-റേ

C:-എക്സ്-റേ < അൾട്രാ വയലറ്റ് < ഇൻഫ്രാറെഡ്

D:-അൾട്രാ വയലറ്റ് < എക്സ്-റേ < ഇൻഫ്രാറെഡ്

Correct Answer:- Option-B

Question35:-വ്യത്യസ്ത സാന്ദ്രത ഉള്ളതും തമ്മിൽ കലരാത്തതുമായ A, B, C എന്നീ മൂന്ന് ദ്രാവകങ്ങളെ ഒരു സ്പ്രേ ബോട്ടിലിൽ എടുത്തു വച്ചിരിക്കുന്നു. ബോട്ടിൽ ലംബമായി പിടിച്ചു കൊണ്ട് സ്പ്രേ ചെയ്യുമ്പോൾ B, A, C എന്നീ ക്രമത്തിലാണ് സക്ഷൻ ട്യൂബിലൂടെ ദ്രാവകങ്ങൾ പുറത്തേക്ക് വരുന്നത്. താഴെ തന്നിരിക്കുന്നവയിൽ ഈ മൂന്ന് ദ്രാവകങ്ങളുടെയും സാന്ദ്രതയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏതാണ്?

A:-A എന്ന ദ്രാവകത്തിന് B എന്ന ദ്രാവകത്തേക്കാൾ സാന്ദ്രത കൂടുതലാണ്

B:-B എന്ന ദ്രാവകത്തിൻറെ സാന്ദ്രത A എന്ന ദ്രാവകത്തിൻറെ സാന്ദ്രതയേക്കാൾ കൂടുതലും C എന്ന ദ്രാവകത്തിൻറെ സാന്ദ്രതയേക്കാൾ കുറവുമാണ്

C:-
C എന്ന ദ്രാവകത്തിനാണ് ഏറ്റവും സാന്ദ്രത കുറവുള്ളത്

D:-B എന്ന ദ്രാവകത്തിനാണ് ഏറ്റവും സാന്ദ്രത കുറവുള്ളത്

Correct Answer:- Option-C

Question36:-20 സെൻറീമീറ്റർ വ്യാസമുള്ള ഒരു ഗോളത്തിൽ നിന്നും നിർമ്മിച്ചെടുക്കുന്ന ഗോളിയ ദർപ്പണത്തിൻറെ ഫോക്കസ് ദൂരം എത്രയായിരിക്കും?

A:-20 cm

B:-10 cm

C:-15 cm

D:-5 cm

Correct Answer:- Option-D

Question37:-താഴെ കൊടുത്തിരിക്കുന്ന ഭൗതിക അളവുകളുടെ യൂണിറ്റുകൾ പരിശോധിച്ച് കൂട്ടത്തിൽ പെടാത്തത് കണ്ടെത്തുക

A:-സെക്കൻറ്

B:-മീറ്റർ

C:-ഡിഗ്രി സെൽഷ്യസ്

D:-മോൾ

Correct Answer:- Option-C

Question38:-ജലസംഭരണികളിലെ ഫ്ലോട്ടിംഗ് സോളാർ പവർ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര മന്ത്രിസഭ 2026 ജൂലൈയിൽ അംഗീകരിച്ച പദ്ധതി ഏതാണ്?

A:-പി എം സൂര്യ സരോവർ യോജന

B:-പി എം സൂര്യ ഘർ യോജന

C:-നാഷണൽ സോളാർ മിഷൻ

D:-പി എം കുസും യോജന

Correct Answer:- Option-A

Question39:-ഒരു നിശ്ചിതമാസ് വാതകത്തിൻറെ മർദ്ദം സ്ഥിരമായിരിക്കുമ്പോൾ താപനില വർദ്ധിപ്പിച്ചാൽ വ്യാപ്തം

A:-ആനുപാതികമായി വർദ്ധിക്കുന്നു

B:-കുറയുന്നു

C:-ആദ്യം കുറയുകയും പിന്നെ അൽപം കൂടുകയും ചെയ്യുന്നു

D:-ഒരു മാറ്റവും ഉണ്ടാകുന്നില്ല

Correct Answer:- Option-A

Question40:-സിലിക്കൺ സ്റ്റീലിനെ സംബന്ധിച്ച് താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ നിരീക്ഷിക്കുക
(i) ഘടക മൂലകങ്ങൾ ഇരുമ്പ്, മാംഗനീസ്, കാർബൺ എന്നിവയാണ്
(ii) ഇലക്ട്രിക്കൽ സ്റ്റീൽ എന്ന പേരിൽ അറിയപ്പെടുന്നു
(iii) ട്രാൻസ്ഫോർമറിൻറെ കോർ ആയി ഉപയോഗിക്കുന്നു
ശരിയായത് ഏത്?

A:-(i) ഉം (ii) ഉം ശരിയാണ്

B:-(i) ഉം (iii) ഉം ശരിയാണ്

C:-(ii) ഉം (iii) ഉം ശരിയാണ്

D:-(i) ഉം (ii) ഉം (iii) ഉം ശരിയാണ്

Correct Answer:- Option-C

Question41:-താഴെ കൊടുത്തിരിക്കുന്നവയിൽ ലേയത്വത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?
(i) ലീനത്തിൻറെ സ്വഭാവം
(ii) ലായകത്തിൻറെ സ്വഭാവം
(iii) താപനില
(iv) മർദ്ദം

A:-(i) ഉം (iii) ഉം

B:-(i) ഉം (ii) ഉം (iii) ഉം

C:-(i) ഉം (iv) ഉം

D:-ഇവയെല്ലാം

Correct Answer:- Option-D

Question42:-പ്രസ്താവന I : 2 N എന്നത് രണ്ട് സ്വതന്ത്ര നൈട്രജൻ ആറ്റങ്ങളെ സൂചിപ്പിക്കുന്നു
പ്രസ്താവന II : N_2 എന്നത് രണ്ട് ആറ്റങ്ങൾ ചേർന്ന് ഉണ്ടായ ഒരു നൈട്രജൻ തന്മാത്രയെ സൂചിപ്പിക്കുന്നു
ശരിയായത് ഏത്?

A:-പ്രസ്താവന I ശരി, പ്രസ്താവന II തെറ്റ്

B:-പ്രസ്താവന I തെറ്റ്, പ്രസ്താവന II ശരി

C:-പ്രസ്താവന I ഉം II ഉം ശരി

D:-പ്രസ്താവന I ഉം II ഉം തെറ്റ്

Correct Answer:- Option-C

Question43:-2025-ലെ രസതന്ത്രത്തിനുള്ള നോബൽ സമ്മാനം ഏത് ഗവേഷണത്തിനാണ് നൽകിയത്?

A:-ക്വാണ്ടം ഡോട്ടുകളുടെ കണ്ടെത്തലും സംശ്ലേഷണവും

B:-മെറ്റൽ-ഓർഗാനിക് ഫ്രെയിംവർക്കുകളുടെ വികസനം

C:-ജീനോം എഡിറ്റിംഗ് രീതിയുടെ വികസനം

D:-ലിഥിയം - അയൺ ബാറ്ററികളുടെ വികസനം

Correct Answer:- Option-B

Question44:-കേരള കലാമണ്ഡലം സ്ഥിതിചെയ്യുന്നതെവിടെ?

A:-ഒാട്ടുപാറ

B:-കുന്നംകുളം

C:-വടക്കാഞ്ചേരി

D:-ചെറുതുരുത്തി

Correct Answer:- Option-D

Question45:-എൽ.ബി. ഡബ്ല്യു. (LBW) ഏത് കളിയുമായി ബന്ധപ്പെട്ട പദമാണ്?

A:-ഫുട്ബോൾ

B:-ടെന്നീസ്

C:-ക്രിക്കറ്റ്

D:-കബഡി

Correct Answer:- Option-C

Question46:-'പയ്യൻ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചതാര്?

A:-വൈക്കം മുഹമ്മദ് ബഷീർ

B:-വി.കെ.എൻ.

C:-പുനത്തിൽ കുഞ്ഞബ്ദുള്ള

D:-തകഴി

Correct Answer:- Option-B

Question47:-''ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായ് ചെലവാക്കവേ
ഹൃദയത്തിലുലാവുന്ന നിത്യ നിർമ്മല പൗർണമി''
- ഈ വരികൾ ആരുടേതാണ്?

A:-അക്കിത്തം

B:-സുഗതകുമാരി

C:-വൈലോപ്പിള്ളി

D:-ജി. ശങ്കരക്കുറുപ്പ്

Correct Answer:- Option-A

Question48:-തൃശ്ശൂർപൂരം ഏത് മാസത്തിലാണ് നടത്തുന്നത്?

A:-മീനം

B:-മേടം

C:-കുംഭം

D:-ഇടവം

Correct Answer:- Option-B

Question49:-നഗോയ ഏഷ്യൻ ഗെയിംസിൽ വനിതകളുടെ 49 kg ഭാരോദ്വഹനത്തിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ കായികതാരം ആരാണ്?

A:-മഹേശ്വരി ചൗഹാൻ

B:-റോഷി ബിനാ ദേവി

C:-മീരാബായ് ചാനു

D:-റൈസ ധില്ലൻ

Correct Answer:- Option-C

Question50:-ശബ്ദം കമ്പ്യൂട്ടറിലേക്ക് നൽകാൻ ഉപയോഗിക്കുന്ന ഉപകരണം ഏതാണ്?

A:-ഹെഡ്ഫോൺ

B:-സ്പീക്കർ

C:-മൈക്രോഫോൺ

D:-മോണിറ്റർ

Correct Answer:- Option-C

Question51:-പൈത്തൺ ഭാഷയിൽ ഗ്രാഫിക്കൽ രൂപത്തിലുള്ള ഔട്ട്പുട്ട് നൽകുന്ന പ്രോഗ്രാമുകൾ തയ്യാറാക്കാൻ ഉപയോഗിക്കുന്ന മൊഡ്യൂൾ ഏതാണ്?

A:-turtle

B:-math

C:-random

D:-time

Correct Answer:- Option-A

Question52:-ബാങ്കിൽ നിന്നുള്ളതെന്ന വ്യാജേന അയച്ച സന്ദേശത്തിലെ ലിങ്ക് തുറന്നപ്പോൾ, ബാങ്കിൻറെ വെബ്സൈറ്റിന് സമാനമായ പേജിൽ പാസ്സ് വേർഡും OTPയും നൽകാൻ ആവശ്യപ്പെടുന്നു. ഇത് ഏത് സൈബർ തട്ടിപ്പിൻറെ ഉദാഹരണമാണ്?

A:-ഫിഷിംഗ്

B:-ഹാക്കിംഗ്

C:-റാൻസംവെയർ

D:-സ്പാമിംഗ്

Correct Answer:- Option-A

Question53:-എക്സ്റ്റേണൽ കാസ്കേഡിങ് സ്റ്റൈൽഷീറ്റ് (CSS) HTML പേജിൽ ഉൾപ്പെടുത്താൻ ഏത് ടാഗാണ് ഉപയോഗിക്കുന്നത്?

A:- < style >

B:- < link >

C:- < script >

D:- < css >

Correct Answer:- Option-B

Question54:-ഒരാൾ തൻറെ മൊബൈൽ ഫോണിനെ ബ്ലൂടൂത്ത് വഴി വയർലെസ് ഹെഡ്ഫോണുമായി ബന്ധിപ്പിക്കുന്നു. ഇത് ഏത് നെറ്റ് വർക്കിൻറെ ഉദാഹരണമാണ്?

A:-MAN

B:-WAN

C:-LAN

D:-PAN

Correct Answer:- Option-D

Question55:-വിവരാവകാശ നിയമപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ വിവരങ്ങൾ നല്കാതിരിക്കുകയോ ദുരുദ്ദേശത്തോടെ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ നല്കുകയോ ചെയ്യു എന്നു ബോധ്യപ്പെട്ടാൽ പിഴ നല്കുന്ന വകുപ്പ്

A:-സെക്ഷൻ 8 (1)

B:-സെക്ഷൻ 16 (1)

C:-സെക്ഷൻ 20 (1)

D:-സെക്ഷൻ 23 (1)

Correct Answer:- Option-C

Question56:-ഉപഭോക്തൃ സംരക്ഷണ നിയമം ആദ്യമായി നിലവിൽ വന്ന വർഷം

A:-1980

B:-1986

C:-1988

D:-1989

Correct Answer:- Option-B

Question57:-മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനുള്ള 2007 ലെ നിയമപ്രകാരം ജീവനാംശത്തിനുള്ള അപേക്ഷകൾ എത്ര ദിവസത്തിനുള്ളിൽ തീർപ്പാക്കണം?

A:-30

B:-60

C:-90

D:-100

Correct Answer:- Option-C

Question58:-ഗാർഹിക പീഡനങ്ങളിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമം 2005 ൽ എത്ര വകുപ്പുകളും എത്ര അധ്യായങ്ങളും ഉണ്ട്?

A:-34 വകുപ്പുകളും 4 അധ്യായങ്ങളും

B:-35 വകുപ്പുകളും 5 അധ്യായങ്ങളും

C:-36 വകുപ്പുകളും 4 അധ്യായങ്ങളും

D:-37 വകുപ്പുകളും 5 അധ്യായങ്ങളും

Correct Answer:- Option-D

Question59:-POCSO കേസുകളുടെ വിചാരണ രഹസ്യമായി (in camera) നടത്തണമെന്ന് പ്രതിപാദിക്കുന്ന സെക്ഷൻ

A:-സെക്ഷൻ 36

B:-സെക്ഷൻ 37

C:-സെക്ഷൻ 38

D:-സെക്ഷൻ39

Correct Answer:- Option-B

Question60:-ഭരണഘടനയുടെ ഏത് അനുച്ഛേദ (Article) പ്രകാരമാണ് 'കേരള' സംസ്ഥാനത്തിൻറെ പേര് 'കേരളം' എന്ന് മാറ്റുന്നതിനായുള്ള ബില്ലിന് രാഷ്ട്രപതി അംഗീകാരം നൽകിയത്?

A:-മൂന്നാമത്തെ

B:-നാലാമത്തെ

C:-അഞ്ചാമത്തെ

D:-ആറാമത്തെ

Correct Answer:- Option-A

Question61:-റബ്ബറിൻറെ ഉത്ഭവകേന്ദ്രം

A:-കാനഡ

B:-നൈജീരിയ

C:-കൊറിയ

D:-ബ്രസീൽ

Correct Answer:- Option-D

Question62:-കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ആദ്യത്തെ റബ്ബർ തോട്ടം

A:-ആറളം

B:-ചീമേനി

C:-മണ്ണാർക്കാട്

D:-തട്ടേക്കാട്

Correct Answer:- Option-D

Question63:-റബ്ബറിലെ പ്രധാന പ്രജനന രീതി

A:-ഗ്രാഫ്റ്റിംഗ്

B:-മുകുളനം

C:-പതിവയ്ക്കൽ

D:-തണ്ട് വേര് പിടിപ്പിക്കൽ

Correct Answer:- Option-B

Question64:-പച്ച നിറത്തിലുള്ള ബഡ്സ്റ്റിക്കുകളുടെ പ്രായം

A:-6 മുതൽ 8 ആഴ്ച

B:-15 മുതൽ 18 ആഴ്ച

C:-20 മുതൽ 24 ആഴ്ച

D:-25 മുതൽ 30 ആഴ്ച

Correct Answer:- Option-A

Question65:-ബഡ്ഡ് മരങ്ങളിൽ ടാപ്പിംഗ് തുടങ്ങാനുള്ള മാനദണ്ഡം

A:-ഒട്ടുബന്ധത്തിൽ നിന്ന് 125 സെ.മീറ്റർ ഉയരത്തിൽ മരത്തിന് കുറഞ്ഞത് 50 സെ.മീറ്റർ വണ്ണമുണ്ടായിരിക്കണം

B:-ഒട്ടുബന്ധത്തിൽ നിന്ന് 100 സെ.മീറ്റർ ഉയരത്തിൽ മരത്തിന് കുറഞ്ഞത് 50 സെ.മീറ്റർ വണ്ണമുണ്ടായിരിക്കണം

C:-ഒട്ടുബന്ധത്തിൽ നിന്ന് 100 സെ.മീറ്റർ ഉയരത്തിൽ മരത്തിന് കുറഞ്ഞത് 55 സെ.മീറ്റർ വണ്ണമുണ്ടായിരിക്കണം

D:-ഒട്ടുബന്ധത്തിൽ നിന്ന് 50 സെ.മീറ്റർ ഉയരത്തിൽ മരത്തിന് കുറഞ്ഞത് 55 സെ.മീറ്റർ വണ്ണമുണ്ടായിരിക്കണം

Correct Answer:- Option-A

Question66:-ബഡ്ഡ് മരങ്ങളിൽ വെട്ടുചാലിൻറെ ചരിവ്

A:-25°

B:-30°

C:-35°

D:-40°

Correct Answer:- Option-B

Question67:-ടാപ്പിംഗ് ടാസ്ക് എന്നാൽ എന്ത്?

A:-ലാറ്റെക്സിൽ നിന്നും റബ്ബർ ഷീറ്റ് ഉണ്ടാക്കുന്ന രീതി

B:-റബ്ബർ പാൽ ശേഖരിക്കുന്ന രീതി

C:-ഒരു റബ്ബർ തൊഴിലാളി ഒരു ദിവസം ടാപ്പ് ചെയ്യുന്ന മരങ്ങളുടെ എണ്ണം

D:-മുകളിൽ പറഞ്ഞവ ഒന്നുമല്ല

Correct Answer:- Option-C

Question68:-നട്ട് ഏകദേശം എത്ര വർഷം പ്രായമായ മരങ്ങളിലാണ് ടാപ്പിംഗ് ചെയ്യുന്നത്?

A:-മൂന്ന് വർഷം

B:-ഏഴ് വർഷം

C:-പത്ത് വർഷം

D:-ഒരു വഷം

Correct Answer:- Option-B

Question69:-കേരളത്തിൽ സാധാരണയായി ശാസ്ത്രീയമായി ടാപ്പു ചെയ്യുന്നതിനും വളരെ നേരീയ തോതിൽ പട്ട അരിഞ്ഞിറക്കുന്നതിനും ഉപയോഗിച്ചു വരുന്നത്

A:-മിച്ചി ഗോളജ്

B:-ജെബോങ്

C:-ഉളി കത്തി

D:-ബഡ്ഡിങ് കത്തി

Correct Answer:- Option-A

Question70:-റബ്ബർ മരങ്ങളിലെ കറ ഉൽപ്പാദനത്തെ ഉത്തേജിപ്പിക്കാൻ ഉപയോഗിക്കുന്നത്

A:-അസറ്റിക് ആസിഡ്

B:-ഫോർമിക് ആസിഡ്

C:-എത്തഫോൺ

D:-അമോണിയ

Correct Answer:- Option-C

Question71:-തൊലിയിലെ ലാറ്റക്സ് വാഹിനികൾ (Latex vessels) ഏത് കലയിൽ നിന്നാണ് വ്യത്യസ്തമായി രൂപപ്പെടുന്നത്?

A:-സൈലം (Xylem)

B:-വാസ്കുലാർ കാംബിയം (Vascular cambium)

C:-സ്ക്ലെറെൻകൈമ (Sclerenchyma)

D:- ഇവയിൽ ഒന്നുമല്ല

Correct Answer:- Option-B

Question72:-താഴെപ്പറയുന്ന രോഗലക്ഷണങ്ങൾ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് റബ്ബർ മരത്തിൽ കാണപ്പെടുന്നു
കായ്കൾ ചീഞ്ഞുപോകുകയും, രോഗബാധിതമായ ഇലകൾ പച്ചനിറത്തിലോ അല്ലെങ്കിൽ ചെമ്പിച്ച ചുവപ്പ് നിറത്തിലേക്ക് മാറിയതിനുശേഷമോ ധാരാളമായി നേരത്തേ കൊഴിഞ്ഞുപോകുകയും ചെയ്യുന്നു
ഇലത്തണ്ടിൽ (Petiole) കറുത്ത പാടുകൾ ഉണ്ടാകാം. ഈ പാടിൻറെ മധ്യഭാഗത്ത് പലപ്പോഴും കട്ടപിടിച്ച നിലയിലുള്ള ലാറ്റക്സ് തുള്ളി കാണപ്പെടുന്നു. മധ്യസിരയിലും ഇലയുടെ ഫലകത്തിലും (Leaf blade) ഇത്തരം പാടുകൾ ഉണ്ടാകാം.
തീവ്രമായ ഇലപൊഴിച്ചിൽ വിളവിൽ ഗണ്യമായ കുറവിനും അഗ്രശാഖകൾ ഉണങ്ങിപ്പോകുന്നതിനും (Die-back) കാരണമാകാം. രോഗം തിരിച്ചറിയുക

A:-അസാധാരണമായ ഇലപൊഴിച്ചിൽ (Abnormal Leaf Fall)

B:-പൊടിപ്പൂപ്പുരോഗം (Powdery Mildew)

C:-കൊലെറ്റോടിക്കം ഇലരോഗം (Colletotrichum Leaf Disease)

D:-ഇലപ്പുള്ളി രോഗം (Leaf Spot)

Correct Answer:- Option-A

Question73:-രോഗബാധയുടെ പ്രധാന കേന്ദ്രം സാധാരണയായി ശാഖകളുടെ വിഭജനഭാഗം (fork region) ആയിരിക്കും. തൊലിയുടെ ഉപരിതലത്തിൽ വെള്ളയോ പിങ്ക് നിറത്തിലോ ഉള്ള വലപോലെയുള്ള മൈസീലിയൻ വളർച്ച കാണപ്പെടുകയും, രോഗബാധിതമായ ഭാഗങ്ങളിൽ നിന്ന് ലാറ്റക്സ് ഒലിച്ചിറങ്ങുകയും ചെയ്യുന്നു. തുടർന്ന് രോഗബാധിതമായ തൊലി ചീഞ്ഞുപോകുകയും ഉണങ്ങുകയും വിണ്ടുകീറുകയും ചെയ്യുന്നു. രോഗബാധിത ഭാഗത്തിന് താഴെ നിന്ന് പുതിയ മുളകൾ ഉണ്ടാകുന്നു. ശാഖകളുടെ അഗ്രഭാഗം ഉണങ്ങുകയും,

ഉണങ്ങിയ ഇലകൾ കരിഞ്ഞ ശാഖകളിൽ ഒട്ടിപ്പിടിച്ചിരിക്കുകയും ചെയ്യുന്നു. ആ രോഗത്തിന് കാരണമാകുന്നത്

A:-ഡ്രൈക്ലറ ഹീവിയീ

B:-ഫൈറ്റോഫ്തോറ പാൽമിവോറ

C:-കോർട്ടീഷ്യം സാൽമോണിക്കോളർ

D:-കോറിനസ്പോറ കാസിക്കോള

Correct Answer:- Option-C

Question74:-റബ്ബർ മരത്തിൽ ടാപ്പിംഗ് കട്ട് ചരിവായി (slope) ചെയ്യുന്നത് എന്തുകൊണ്ട്?

A:-ലാറ്റക്സ് വാഹിനികൾ വലതുവശത്തേക്ക് $3\text{-}5^{\circ}$ ചരിഞ്ഞാണ് സ്ഥിതിചെയ്യുന്നത്

B:-ഈ രീതിയിൽ കട്ട് ചെയ്യുമ്പോൾ കൂടുതൽ എണ്ണം ലാറ്റക്സ് വാഹിനികൾ മുറിയുന്നു

C:-പുറംതൊലിയുടെ കുറച്ച് ഭാഗം മാത്രമേ നഷ്ടപ്പെടുകയുള്ളൂ

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question75:-റബ്ബറിൽ കുറഞ്ഞ ആവൃത്തിയിലുള്ള ടാപ്പിംഗ് (Low frequency tapping) നടത്തുന്നത് ഈ ഹോർമോണിൻറെ ഉത്തേജനത്തോടെയാണ്

A:-ഓക്സിൻ (Auxin)

B:-എതിഫോൺ (Ethephon)

C:-സൈറ്റോകൈനിൻ (Cytokinin)

D:-ജിബ്ബറലിൻ (Gibberellin)

Correct Answer:- Option-B

Question76:- ബ്രൗൺ ബാസ്റ്റ് (Brown bast) രോഗം നിയന്ത്രിക്കാൻ

A:-ടാപ്പിംഗ് തീവ്രത കുറയ്ക്കുക

B:-ഉയർന്ന വിളവുതരുന്ന ക്ലോണുകൾ നടുക

C:-കുമിൾനാശിനികൾ ഉപയോഗിക്കുക

D:-(1) ഉം (2) ഉം മാത്രം

Correct Answer:- Option-A

Question77:-റബ്ബറിൽ അതിരാവിലെ ടാപ്പിംഗ് നടത്തുന്നതിനുള്ള കാരണം

A:-വൈകി ടാപ്പിംഗ് നടത്തുന്നത് ലാറ്റക്സ് ഒഴുക്ക് കുറയ്ക്കും

B:-ലാറ്റക്സിൻറെ ടർഗർ മർദ്ദം കൂടുതലായിരിക്കും

C:-(1) ഉം (2) ഉം

D:-അതിരാവിലെ ടർഗർ മർദ്ദം കുറവായിരിക്കും

Correct Answer:- Option-C

Question78:-ബാർക്ക് റോട്ട് (Bark rot) രോഗത്തിന് സ്വീകരിക്കേണ്ട നിയന്ത്രണ മാർഗ്ഗങ്ങൾ

A:-ടാപ്പിംഗ് കട്ടും സമീപത്തുള്ള തൊലിയും 0.08% ഫോസ്ഫോറിക് ആസിഡ് ഉപയോഗിച്ച് കഴുകുക

B:-ചീഞ്ഞ തൊലി ചുരണ്ടി നീക്കം ചെയ്യുക

C:-വൃത്തിയാക്കിയ ശേഷം മുറിവിൽ പെട്രോളിയം അടിസ്ഥാനത്തിലുള്ള സംയുക്തം പുരട്ടുക

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question79:-തീവ്രമായ ടാപ്പിംഗ് (intensive tapping) നടത്തുന്നത്

A:-നീക്കം ചെയ്യുന്നതിന് ഏതാനും വർഷങ്ങൾക്ക് മുമ്പ് പ്രായമായ മരങ്ങളിൽ

B:-ടാപ്പിംഗ് ആരംഭിച്ച ആദ്യ ഘട്ടത്തിൽ

C:-ഡിസംബർ മുതൽ മാർച്ച് വരെ

D:-പ്രായഭേദമന്യേ എല്ലാ മരങ്ങളിലും

Correct Answer:- Option-A

Question80:-റബ്ബറിലെ ബഡ്ഡഡ് മരങ്ങളിൽ ടാപ്പിംഗ് ആരംഭിക്കുന്നത്

A:-മണ്ണിൻറെ ഉപരിതലത്തിൽ നിന്ന് 50 സെ.മീ. ഉയരത്തിൽ 55 സെ.മീ. ചുറ്റളവ് (girth) എത്തുമ്പോൾ

B:-ബഡ് യൂണിയനിൽ നിന്ന് 125 സെ.മീ. ഉയരത്തിൽ 50 സെ.മീ. ചുറ്റളവ് എത്തുമ്പോൾ

C:-ബഡ് യൂണിയനിൽ നിന്ന് 50 സെ.മീ. ഉയരത്തിൽ 125 സെ.മീ. ചുറ്റളവ് എത്തുമ്പോൾ

D:-മുകളിൽ പറഞ്ഞവയിൽ ഒന്നുമല്ല

Correct Answer:- Option-B

Question81:-'ഹെറിങ്ബോൺ' എന്ന ടാപ്പിംഗ് വിദ്യ ആദ്യമായി വികസിപ്പിച്ചെടുത്ത ശാസ്ത്രജ്ഞൻ ആരാണ്?

A:-കൊളംബസ്

B:-എച്ച്.എൻ. റിഡ്ലി

C:-ജോസഫ് പ്രീസ്റ്റ്ലി

D:-വിൽസ് മാനുവൽ

Correct Answer:- Option-B

Question82:-ഇടവേള കൂടിയ ടാപ്പിംഗ് രീതിയായ S2D4 നടത്തുമ്പോൾ ഓരോ ടാപ്പിംഗിലും മുറിച്ച് മാറ്റേണ്ട പട്ടയുടെ കനം എത്രയാണ്?

A:-1.5 mm

B:-2.5 mm

C:-2 mm

D:-1.75 mm

Correct Answer:- Option-C

Question83:-താഴെ പറയുന്ന പ്രസ്താവനകളിൽ പട്ടമരപ്പിൻറെ പ്രധാന ലക്ഷണങ്ങളിൽപ്പെടാത്തത് ഏതാണ്?

A:-വെട്ടുപട്ടയിൽ കറുത്ത പാടുകളോടുകൂടിയ ചീഞ്ഞഴുകൽ

B:-റബ്ബർ പാലിൻറെ DRC ക്രമാതീതമായി കുറയുക

C:-റബ്ബർ വീഴ്ച്ച നിലയ്ക്കാതെ കൂടുതൽ സമയത്തേക്ക് നീണ്ടുനിൽക്കുക

D:-റബ്ബർ മരം മുഴച്ച് വണ്ണിച്ച് വികൃതമാവുക

Correct Answer:- Option-A

Question84:-താഴെ പറയുന്ന രാസവസ്തുക്കളിൽ റബ്ബർ ടാപ്പിംഗുമായി ബന്ധപ്പെട്ട ഉത്തേജക ഔഷധമല്ലാത്ത രാസവസ്തു ഏതാണ്?

A:-അസറ്റിലീൻ

B:-കാൽസ്യം കാർബൈഡ്

C:-എഥിഫോൺ

D:-പാരാനൈട്രോഫിനോൾ

Correct Answer:- Option-D

Question85:-മൾട്ടിപ്പിൾ ബാൻഡ് ഉത്തേജക ഔഷധം പ്രയോഗിക്കേണ്ടത് താഴെപ്പറയുന്നവയിൽ ഏത് ടാപ്പിംഗ് രീതി അനുവർത്തിക്കുമ്പോഴാണെന്ന് തിരിച്ചറിയുക

A:-ഒന്നിടവിട്ട ടാപ്പിംഗ്

B:-ആഴ്ചയിൽ ഒരിക്കൽ ടാപ്പിംഗ്

C:-നിയന്ത്രിത കമിഴ്ത്തിവെട്ട്

D:-കടുംവെട്ട്

Correct Answer:- Option-D

Question86:-നിയന്ത്രിത കമിഴ്ത്തിവെട്ട് നടത്തുന്നതിന് ഉപയോഗിക്കുന്ന കത്തി ഏതാണ്?

A:-ജെബോങ്

B:-മിച്ചി ഗോലെഡ്ജ്

C:-പരിഷ്കരിച്ച ഗൗജ്

D:-ഇൻവേർട്ടഡ് സിക്കിൾ

Correct Answer:- Option-C

Question87:-നിയന്ത്രിത കമിഴ്ത്തിവെട്ട് നടത്തുന്നതിനായി ഉപയോഗിക്കുന്ന പാനൽ താഴെപ്പറയുന്നവയിൽ ഏതാണ്?

A:-BO 1

B:-BO 2

C:-HO 1

D:-BO 3

Correct Answer:- Option-C

Question88:-RRII-105 ഇനത്തിൽ മൂന്നിലൊന്ന് ഇടവേളയിൽ നിയന്ത്രിത കമിഴ്ത്തിവെട്ട് (S3D3) നടത്തുമ്പോൾ, ഉത്തേജക ഔഷധം എത്ര അളവിൽ പ്രയോഗിക്കണം?

A:-മാസത്തിൽ ഒരിക്കൽ 5% വീര്യത്തിൽ

B:-2.5% വീര്യത്തിൽ രണ്ട് മാസത്തിലൊരിക്കൽ

C:-ഓരോ 21 ദിവസത്തിലും 5% വീര്യത്തിൽ

D:-മൂന്നു മാസത്തിലൊരിക്കൽ 5% വീര്യത്തിൽ

Correct Answer:- Option-A

Question89:-ഉണനിലവാരമുള്ള റബ്ബർ ഷീറ്റുകൾ ഉൽപ്പാദിപ്പിക്കുമ്പോൾ ഷീറ്റിന് നിറം ലഭിക്കുന്നതിനുവേണ്ടി ഉപയോഗിക്കാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള രാസവസ്തു ഏതാണ്?

A:-സോഡിയം ബൈ സൾഫേറ്റ്

B:-സോഡിയം സൾഫേറ്റ്

C:-അമോണിയ

D:-പാരാനൈട്രോഫിനോൾ

Correct Answer:- Option-B

Question90:-വാണിജ്യ ആവശ്യങ്ങൾക്കുള്ള കോൺസൻട്രേറ്റഡ് ലാറ്റക്സിൽ (CENEX) വോളറ്റൈൽ ഫാറ്റി ആസിഡിൻറെ (VFA) അനുവദനീയമായ പരിധി എത്രയാണ്?

A:-1.0

B:-0.2

C:-1.5

D:-0.1

Correct Answer:- Option-D

Question91:-പാവാട മഴമറയുടെ LDPE പൊളിത്തീൻ ഷീറ്റിൻറെ കനവും പോളിത്തീൻ നാടയുടെ കനവും യഥാക്രമം

A:-300 ഗേജും 250 ഗേജും

B:-400 ഗേജും 250 ഗേജും

C:-300 ഗേജും 400 ഗേജും

D:-400 ഗേജും 300 ഗേജും

Correct Answer:- Option-C

Question92:-ആദ്യം സ്ഥാപിച്ച പോളിത്തീൻ മഴമറയിൽ ചോർച്ച ഉണ്ടായാൽ ചെറിയ മഴമറ (mini rain guard) സ്ഥാപിക്കുന്ന സാഹചര്യത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് തിരഞ്ഞെടുക്കുക

A:-നൊറിയും 4 ഇഞ്ച് വീതിയുമുള്ള ചെറിയ മഴമറ ഉറപ്പിച്ചതിന് ശേഷം മുകളിൽ രണ്ടാമതും പശ തേച്ചു ഉറപ്പിക്കണം

B:-നൊറിയില്ലാതെ 4 ഇഞ്ച് വീതിയുമുള്ള ചെറിയ മഴമറ ഉറപ്പിച്ചതിന് ശേഷം മുകളിൽ രണ്ടാമതും പശ തേച്ചു ഉറപ്പിക്കണം

C:-നൊറിയും 2 ഇഞ്ച് വീതിയുമുള്ള ചെറിയ മഴമറ ഉറപ്പിച്ചതിന് ശേഷം മുകളിൽ രണ്ടാമതും പശ തേക്കാതെ സ്ഥാപിക്കാവുന്നതാണ്

D:-നൊറിയില്ലാതെ 3 ഇഞ്ച് വീതിയുമുള്ള ചെറിയ മഴമറ ഉറപ്പിച്ചതിനു ശേഷം മുകളിൽ രണ്ടാമതും പശ തേക്കാതെ സ്ഥാപിക്കാവുന്നതാണ്

Correct Answer:- Option-D

Question93:-മുന്നൂറ് റബ്ബർ മരങ്ങളിൽ പാവാട മഴമറ സ്ഥാപിക്കാൻ ആവശ്യമായ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ശരാശരി പശയുടെയും LDPE പൊളിത്തീൻ ഷീറ്റിൻറെയും തൂക്കം യഥാക്രമം

A:-25 മുതൽ 30 കിലോഗ്രാം; 15 മുതൽ 17 കിലോഗ്രാം

B:-18 മുതൽ 20 കിലോഗ്രാം; 14 മുതൽ 16 കിലോഗ്രാം

C:-21 മുതൽ 25 കിലോഗ്രാം; 10 മുതൽ 11 കിലോഗ്രാം

D:-30 മുതൽ 35 കിലോഗ്രാം; 12 മുതൽ 14 കിലോഗ്രാം

Correct Answer:- Option-D

Question94:-മഴമറ സംയുക്തം (Rain guard compound) തയ്യാറാക്കാൻ സാധാരണയായി ഉപയോഗിക്കുന്ന വസ്തു

A:-പോളിത്തീൻ മിശ്രിതം

B:-ക്രെയോസോട്ടിക് മിശ്രിതം

C:-ബിറ്റുമിനസ് മിശ്രിതം

D:-മെഴുക് ചേർത്ത പോളിത്തീൻ മിശ്രിതം

Correct Answer:- Option-C

Question95:-റബ്ബർ പാൽ സംസ്കരണത്തിൽ സോഡിയം സൾഫൈറ്റും സോഡിയം ബൈ സൾഫൈറ്റും ഉപയോഗിക്കാറുണ്ട്. ഇവയിൽ സോഡിയം ബൈ സൾഫൈറ്റിനു അനുയോജ്യമായത് തിരഞ്ഞെടുക്കുക
(i) പാലിലെ മാലിന്യങ്ങൾ അലിഞ്ഞുപോകുന്നതിനും അരിച്ചെടുക്കുന്നതിനും സഹായകരമാണ്
(ii) പാൽ കട്ടിക്ക് മാർദ്ദവം ഉണ്ടാകുന്നതിനും ഉണക്ക റബ്ബറിൻറെ അംശം കുറയുന്നതിനും സഹായകരമാണ്
(iii) ഉറകൂടിയ പാൽകട്ടിയുടെ ഉപരിതലത്തിലെ കറുത്ത പാടുകൾ മാറ്റി നിറം നൽകാൻ സഹായകരമാണ്
(iv) പാൽ തരിച്ചു പോകുന്നത് തടയുന്നു

A:-(i) മാത്രം ശരി

B:-(ii) മാത്രം ശരി

C:-(ii) & (iv) ശരി

D:-(iii) മാത്രം ശരി

Correct Answer:- Option-D

Question96:-തോട്ടത്തിൽ നിന്നും സംഭരിച്ച പാൽ സംസ്കരണശാലയിൽ എത്ര കണ്ണിയകലമുള്ള അരിപ്പകൾ ഉപയോഗിച്ചാണ് അരിക്കുന്നത്?

A:-50, 70 മെഷ് അരിപ്പകൾ

B:-40, 60 മെഷ് അരിപ്പകൾ

C:-20, 30 മെഷ് അരിപ്പകൾ

D:-80, 100 മെഷ് അരിപ്പകൾ

Correct Answer:- Option-B

Question97:-റബ്ബർ ഷീറ്റുകൾ ഉണക്കുന്നതിനായി പുകപ്പുരയിൽ സാധാരണയായി നിലനിർത്തുന്ന താപനില എത്രയാണ്?

A:-50 മുതൽ - 70 വരെ ഡിഗ്രി സെൽഷ്യസ്

B:-40 മുതൽ - 60 വരെ ഡിഗ്രി സെൽഷ്യസ്

C:-70 മുതൽ - 80 വരെ ഡിഗ്രി സെൽഷ്യസ്

D:-50 ഡിഗ്രി സെൽഷ്യസിൽ സ്ഥിരപ്പെടുത്തണം

Correct Answer:- Option-B

Question98:-പുകയിലെ ക്രെയോസോട്ടിക് വസ്തുക്കൾ റബ്ബർ ഷീറ്റ് നിർമ്മാണത്തിൽ സഹായകമാകുന്നത് എങ്ങനെ?

A:-പെട്ടന്ന് ഷീറ്റുകൾ ഉണങ്ങുന്നു

B:-ഷീറ്റുകളിൽ ഒട്ടലുണ്ടാകാതെ നിലനിർത്തുന്നു

C:-പൂപ്പൽ വളർച്ചയെ തടയുന്നു

D:-ഷീറ്റിലെ അവശേഷിക്കുന്ന മാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നു

Correct Answer:- Option-C

Question99:-റബ്ബർ ഷീറ്റിലെ പൂപ്പൽ (Mould) വളർച്ചയെ തടയാൻ ഉപയോഗിക്കപ്പെടുന്ന രാസവസ്തു ഏതാണ്?

A:-പാരാ നൈട്രോഫീനോൾ

B:-കാൽസ്യം കാർബണേറ്റ്

C:-സോഡിയം ക്ലോറൈഡ്

D:-അമോണിയ ലായനി

Correct Answer:- Option-A

Question100:-പുകയിൽ ഉണക്കിയ റബ്ബർ ഷീറ്റുകളെ (ribbed smoked sheets - RSS) എത്രയായി തരം തിരിച്ചിരിക്കുന്നു?

A:-5

B:-6

C:-4

D:-7

Correct Answer:- Option-B